# Desabhimani
## 27 August 2018
## Palluruthy, After Flood, Relief Camps

# ക്യാമ്പുകൾ പ്രവർത്തനം അവസാനിപ്പിച്ചു

**പള്ളുരുത്തി**

പള്ളുരുത്തിയിലെ വിവിധ പ്രദേശങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തനം അവസാനിപ്പിച്ചു. പനങ്ങാട് ഫിഷറീസ് കോളേജ്, കുമ്പളം പുത്തൻപുരയ്ക്കൽ ബിൽഡിങ്, ഇടക്കൊച്ചി അക്വിനാസ് കോളേജ്, ഇടക്കൊച്ചി പല്ലോട്ടി കോൺമെന്റ്, തങ്ങൾ നഗർ അൽ അസർ സ്കൂൾ, പള്ളുരുത്തി സെന്റ് ഡൊമനിക് സ്കൂൾ, പള്ളുരുത്തി എസ്ഡിപിവൈ ഗേൾസ് സ്കൂൾ, കൊവേന്ത സെന്റ് ജൂലിയാൻസ് സ്കൂൾ, കച്ചേരിപ്പടി സെന്റ് റീത്താസ് സ്കൂൾ എന്നിവിടങ്ങളിലാണ് ക്യാമ്പ് പ്രവർത്തിച്ചിരുന്നത്. ആലുവ, ആലങ്ങാട്, പറവൂർ, വരാപ്പുഴ, പെരുമ്പാവൂർ പ്രദേശത്തെ ആളുകളാണ് പള്ളുരുത്തിയിലെ ക്യാമ്പിലുണ്ടായിരുന്നത്. അരിയും മറ്റ് അവശ്യസാധനങ്ങളും നൽകി.